


# STRAWBERRY

The Digi mag 2K 19

GVHSS Murikkumvayal

little KITEs

T

# ലിറ്റിൽ  കൈറ്റ്സ്
# സ്കൂൾതല നിർവഹണ സമിതി

| | |
|---|---|
| ചെയർമാൻ | :ശ്രീ.സിജു  കൈതമറ്റം<br>(പി.ടി.എ. പ്രസിഡന്റ്) |
| കൺവീനർ | :ശ്രീ. എം.സി.ഓമനക്കുട്ടൻ<br>(ഹെഡ് മാസ്റ്റർ) |
| വൈസ് ചെയർമാർ | :ശ്രീമതി.സ്മിതാ ജോൺസൺ<br>(പി.റ്റി.എ പ്രസിഡന്റ്) |
| | :ശ്രീ.പി.ഡി.ഷാജി<br>(പി.റ്റി.എ.വൈസ്ചെയർമാൻ) |
| ജോയിന്റ് കൺവീനർ | :മുഹമ്മദ് റാഫി(കൈറ്റ് മാസ്റ്റർ)<br>അനീസ സീനത്ത്(കൈറ്റ് മിസ്ട്രസ്) |
| സാങ്കേതിക ഉപദേഷ്ടാവ് | :ശ്രീമതി.മേഴ്സി മാത്യു.<br>(SITC) |

## TEAM KITE

| | |
|---|---|
| **Little Kite Master** | **:Muhammed Rafi A** |
| **Little Kite Trainer** | **:Aneesa Seenath** |
| **Little Kite unit Leader** | **:M.S.Induchoodan** |
| **Assistant** | **:Pooja Lakshmi** |
| **Little Kites Members** | **:Ammu S Raj** |
| | **:Ammu K M** |
| | **:Aparna Raju** |
| | **:Ammu Ramachandhran** |
| | **:Abhirami Sabu** |
| | **:Anjitha Babu** |
| | **:Adithya Manikkuttan** |
| | **:Ambili E.B.** |
| | **:Asha E B** |
| | **:Anviya Biju** |
| | **:Devika Dileep** |
| | **:Nayana S Bharathan** |
| | **:Pooja Lakshmi** |
| | **:Renu Krishnan** |
| | **:Sandhra Manoj** |
| | **:Arjun K Ajin** |
| | **:Anadhu Prakash** |
| | **:Jithu KB** |
| | **:M S Induchoodan** |
| | **:Midhun Sebastain** |
| | **:Vijay V K** |

# ആമുഖം

ഗവ.വി.എച്ച്.എസ്.എസ്.മുരിക്കുംവയൽ സ്കൂളിലെ KITE അംഗങ്ങളായ ഞങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷാവസാനം പ്രസിദ്ധീകരിക്കുന്ന,ഡിജിറ്റൽ മാഗസിൻ''സ്ട്രോബെറി''.

KITE ന്റെ ക്ലാസുകളിൽ നിന്ന് ഞങ്ങൾക്ക് ധാരാളം അറിവു ലഭിച്ചു.ഈ അറിവുകളുടെ സമാഹാരമാണ് ഞങ്ങളുടെ ഈ മാസിക.

കവിതകൾ

,കഥകൾ,ലേഖനങ്ങൾ,കണക്കുസൂത്രങ്ങൾ,രസബിന്ദുക്കൾ തുടങ്ങി മലയാള ഭൂമികയിലെ കാവ്യാനുഭവങ്ങൾ സമന്വയപ്പിച്ചതാണ് ''സ്ട്രോബെറി''.

സ്കൂൾ ഹെഡ്മാസ്റ്റർ എം. സി. ഓമനക്കുട്ടൻ സാറിന്റെ നേതൃത്ത്വത്തിൽ കൈറ്റ്മാസ്റ്റർ മുഹമ്മദ് റാഫി എ, കൈറ്റ് മിസ്ട്രസ് അനീസാ സീനത്ത് തുടങ്ങിയവരുടെ സാനിധ്യത്തിൽ എഡിറ്റർ അമ്മു എസ് രാജ്, സബ് എഡിറ്റർ അമ്മു കെ എം, കൈറ്റ് യൂണിറ്റ് ലീഡർ എം എസ് ഇന്ദുചൂഢൻ, അസിസ്റ്റന്റ് പൂജാ ലക്ഷ്മി, കൈറ്റ് മെമ്പേഴ്സ് എന്നിവരുടെ സഹായത്താൽ "സ്ട്രോബെറി" മാസിക തയ്യാറാക്കി.

# സ്ട്രോബെറി The Digi Mag

## ഉള്ളടക്കം


1. എഡിറ്റോറിയൽ - മുഹമ്മദ് റാഫി എ

2. വിഷു വന്നേ..! (കവിത) - ആശ ഇ ബി

3. സന്യാസിയുടെ കൂട്ടുകാർ (കഥ) - ദേവിക ദിലീപ്

4. പേടി മാറി! (ചെറുകഥ) - ആൻവിയ ബിജു

5. ബന്ധങ്ങൾ ബന്ധനങ്ങൾ (കവിത) - രേണു കൃഷ്ണൻ

6. സമുദായ മൈത്രിയും ദേശീയ ഐക്യവും (ലേഖനം) - അമ്മു എസ് രാജ്

7. ഞാനായ ഞാൻ (കവിത) - അമ്മു എസ് രാജ്

8. പേടി മാറിയ മരുന്ന് (നാടോടിക്കഥ) -

9. കണക്കുസൂത്രം - നയന എസ് ഭരതൻ

10. കഴുതയും വഴുതരാമനും (കവിത) - അപർണ രാജു

11. തോക്കും ഗോതമ്പും (കഥ) - അമ്മു എസ് രാജ്

12. ധൈര്യത്തിന്റെ രഹസ്യം (രസബിന്ദു) - മിഥുൻ സെബാസ്റ്റൻ

13. മിക്കുവിന്റെ ടൂർ (ചെറുകഥ) - പൂജ ലക്ഷ്മി

14. സ്വപ്നം ഫലിക്കുമോ..! (നാടോടിക്കഥ)

15. മലയാള ചെറുകഥ (ചെറുലേഖനം) - അഭിരാമി സാബു

**16.** **കാണാതായ പണക്കിഴി (ചെറുകഥ)** - **അർജ്ജുൻ കെ അജിൻ**

**17.** **ജീവിതത്തിന്റെ വഴികാട്ടികൾ (കഥ)** - **അമ്മു കെ എം**

**18.** **മങ്കി ലാന്റ് (കഥ)** - **അമ്മു എസ് രാജ്**

**19.** **അമ്മ (കവിത)** - **അമ്മു കെ എം**

**20.** **രസബിന്ദുകൾ**

21. മഴവില്ല് (കവിത) – അമ്മു കെ എം

# EDITORIAL BOARD


| | |
|---|---|
| STAFF EDITOR | MUHAMMED RAFI A |
| STUDENT EDITOR | AMMU S RAJ |
| SUB EDITORS | ANEESA SEENATH |
| | AMMU K M |
| COVER DESIGN & LAY OUT | ARJUN K AJIN |
| | INDUCHOODAN M S |
| ART | |
| TYPE SETTING : | APARNA RAJU |

# എഡിറ്റോറിയൽ

കൂട്ടുകാരേ,

ഇലകൊഴിയും പോലെയാണ് കാലത്തിന്റെ

ഇതളുകൾ കൊഴിഞ്ഞു വീഴുന്നത്.

കടന്നുപോയ വർഷം ഒട്ടേറെ ദുരന്തങ്ങൾ വരുത്തി,

ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളും സമ്മാനിച്ച് കടന്നുപോയി,

പുതിയൊരു നൂറ്റാണ്ടിന്റെ വാതിൽപ്പടിയിലേക്ക്,

എത്രപെട്ടെന്ന് എത്തിയെന്ന് നാം സംശയിച്ചേക്കും.

നാടോടുമ്പോൾ നടുവേ ഓടണം എന്ന പോലെ ശാസ്ത്ര സാങ്കേതിക പുരോഗതിക്കൊപ്പം നാമും കുതിക്കണം .പേനയുടെയും പേപ്പറന്റെയും കാലങ്ങൾക്ക് വിരാമമിട്ടുകൊണ്ട് സാങ്കേതികരംഗത്തിന് കാവ്യാനുഭവങ്ങൾക്കൂടി ഇടകലർത്തുമ്പോഴാണ് പുതുമ ഉളവാകുന്നത്. നമ്മുടെ ഈ സമൂഹത്തെ ആധുനിക യുഗത്തിലെ ശാസ്ത്രസാങ്കേതിക രംഗത്തേക്ക് കൈ പിടിച്ചുയർത്തേണ്ടത് നമ്മുടെ ആവശ്യമാണ് ,

പ്രിയപ്പെട്ടവരേ,

നമുക്ക് അതിനു കഴിയണം ,അതിനായി കൈകോർത്തുപിടിച്ച് പുതുതലമുറയിലെ കംപ്യൂട്ടർ യുഗത്തിലേക്ക് നമുക്ക് ഒരുമിച്ച് നീങ്ങാം.

കവിത



## വിഷു വന്നേ..!

മഞ്ഞക്കൊന്നമരത്തിലിരുന്നൊരു
കുഞ്ഞുവിഷുക്കിളി പാടുന്നു:
മീനക്കാറ്റേ, മാറിപ്പോകൂ
മേടം വന്നതറിഞ്ഞില്ലേ?

കുഞ്ഞൻ മുയലേ, കണിവയ്ക്കാനായ്
കണിവെള്ളരിയും കൊണ്ടേവാ,
കുരുവിപ്പെണ്ണേ കൊന്നയിൽനിന്നും
ഒരു പൂങ്കുല നീ കൊണ്ടേവാ,

അണ്ണാർക്കണ്ണാ, മാവിൽനിന്നു
മാങ്ങയൊരെണ്ണം വീഴ്ത്തിത്താ,
പൂക്കൾ കൊരുത്തൊരു മാലയുമായി
പൂച്ചക്കുഞ്ഞേ, വേഗം വാ.

എല്ലാവർക്കും ഒന്നിച്ചങ്ങനെ
കണി കണ്ടീടാം,കൈകൂപ്പാം,
നാടിനു മുഴുവൻ നന്മകൾ നേരാം,
നല്ലവരായി വളർന്നീടാം!

-ആശ ഇ ബി



ചെറുകഥ

# സന്യാസിയുടെ കൂട്ടുകാർ

ദിവ്യനായൊരു സന്യാസിയാകണം എന്നതായിരുന്ന ദേവദത്തന്റെ ആഗ്രഹം. ആരോടും മിണ്ടാതെയും കൂട്ടുകൂടാതെയും നടന്നാലേ സന്യാസിയാകാൻ കഴിയൂ എന്നായിരുന്നു ദേവദത്തന്റെ വിചാരം. അങ്ങനെ അയാൾ ഒരു കൊടുംകാട്ടിലെത്തി അവിടെ ആശ്രമം കെട്ടി താമസമാക്കി. വേട്ടയാടുന്ന സ്ഥലത്തെച്ചൊല്ലി ആ കാട്ടിലെ കടുവകളും പുലികളും തമ്മിൽ തർക്കം നടക്കുന്ന സമയമായിരുന്നു അത്.

''നോക്കൂ, ഇനി നമ്മൾ തമ്മമിൽ അടിക്കേണ്ട. നമുക്ക് ആ സന്യാസിയുടെ അടുത്തുപോയി തർക്കം തീർക്കാം. അദ്ദേഹം മൃഗങ്ങളുടെ ഭാഷ അറിയാവുന്നയാളാണ്.'' കടുവകളുടെ തലവൻ പറഞ്ഞു. പുലികളും അതു സമ്മതിച്ചു. അങ്ഘനെ അവർ ദേവദത്തന്റെ അടുത്തെത്തി.

'ഹോ! എന്താ എന്റെയൊരു ശക്തി! മൃഗങ്ങൾവരെ തർക്കം തീർക്കാൻ എന്റെ അടുത്തെത്തുന്നു.'

''അങ്ങ് ധാരാളം സുഹൃത്തുക്കളുടെ ഒരു തർക്കം തീർത്തുതരണം,'' കടുവകളുടെ നേതാവ് പറഞ്ഞു. ''സുഹൃത്തുക്കളോ, എനിക്കോ? സുഹൃത്തുക്കൾ ഇല്ലാതിരിക്കാനാ ഞാൻ ഇങ്ങോട്ടു പോന്നത്,'' ദേവദത്തൻ പറഞ്ഞു.

''ങേ! അങ്ങേയ്ക്ക് സുഹൃത്തുക്കൾ ഇല്ലേ?''

''ഇല്ലില്ല. എനിക്ക് സുഹൃത്തുക്കളേയില്ല. ഞാൻ സന്യാസിയാണ്,'' ദേവദത്തൻ പറഞ്ഞു.

ഇതു കേട്ട് കടുവകളുടെ തലവൻ പുലികളുടെ തലവനോടു പറഞ്ഞു: ''നോക്കൂ, ജീവിതത്തിൽ ഒരു കൂട്ടുകാരൻ പോലുമില്ലാത്ത ആ മണ്ടൻ എങ്ങനെ നമ്മൾ കൂട്ടുകാരുടെ പിണക്കം തീർക്കും? നമുക്ക് തർക്കം സ്വയം പരിഹരിക്കാം.''

''ശരിയാണ്.കൂട്ടുകൂടാത്തവന് കൂട്ടുകാരുടെ തർക്കം മനസ്സിലാവുക പോലുമില്ല!'' പുലികളുടെ തലവൻ പറഞ്ഞു.

പുലികളും കടുവകളും അപ്പോൾത്തന്നെ അവിടെവച്ച് തർക്കം പറഞ്ഞുതീർത്തു മടങ്ങിപ്പോയി.

അഹങ്കാരമെല്ലാം പോയ ദേവദത്തൻ കാടുപേക്ഷിച്ച് തന്റെ കൂട്ടുകാരുടെ അടുത്തേക്കും മടങ്ങി.


**-ദേവിക ദിലീപ്**

ചെറുകഥ

# പേടി മാറ്റി!

നമ്മുടെ നാട്ടിൽ ആദ്യമായി തൂക്കുപാലം പണിതത് 140 വർഷം മുമ്പായിരുന്നു. കൊല്ലം ജില്ലയിലെ പുനലൂരിലെ ആ കൂറ്റൻ തൂക്കുപാലം പണിതത് ആൽബർട്ട് ഹെന്റി എന്ന സ്കോട്ട്ലൻഡുകാരനാണ്.
ഇരുമ്പുചങ്ങലകളിൽ തൂക്കിയ ഈ പാലം 1877-ൽ തുറന്നു. പക്ഷേ, നാട്ടുകാർ പാലത്തിൽ കയറിയില്ല. കാരണമെന്തെന്നോ? പാലം പൊളിയുമെന്ന പേടി! പേടി മാറ്റാൻ ആൽബർട്ട് ഹെന്റി ഒരു വഴി കണ്ടുപിടിച്ചു. പാലത്തിനു തൊട്ടു താഴെ ഒരു വള്ളത്തിൽ കയറി അദ്ദേഹവും കുടുംബാംഗങ്ങളും നിന്നു. എന്നിട്ട് ഏഴ് ആനകളെ പാലത്തിലൂടെ നടത്തി!
"പാലം പൊളിഞ്ഞാൽ അത് എന്റെ തലയിൽ വീണോട്ടെ. പക്ഷേ, നൂറുകൊല്ലം കഴിഞ്ഞാലും ഈ പാലം വീഴില്ല!" അദ്ദേഹം വിളിച്ചു പറഞ്ഞു. അതോടെ ആളുകളുടെ പേടി മാറി. 140 വർഷമായിട്ടും ഇന്നും പുനലൂർ തൂക്കുപാലം അതേപടി നിൽക്കുന്നു!

-ആൻവിയ ബിജു


മരം ഒരു വരം
Ammu S Raj. Jr

കവിത

# ബന്ധങ്ങൾ ബന്ധനങ്ങൾ

ഒരു മുഖം മാത്രം കണ്ണിൽ കണ്ടു ഞാൻ
ഒരു പാടു ദൂരം നടന്നു.
എന്തിനു വേണ്ടി എന്നറിയില്ല.
എവിടേയ്ക്കെന്നറിയില്ല
ഒരു വിലാപഗാനം പോലെ
ഒഴുകി ഞാൻ പോയി
ഒരികേകലും മറക്കാത്ത
ഓർമതൻ മടിത്തട്ടിൽ
ഒരു താരാട്ടിന്റെ ഈരടികൾ
ഞാൻ കേട്ടു അതേതോ ദുഃക
സ്മൃതിയുടെ വിലാപമായിരുന്നോ
ഓർമിക്കുവാനാകുമോ
ഒരു സ്വല്പനേരമെങ്കിലും
ഒരുമിക്കമെന്നു കരുതുന്നുണ്ടോ
ഒരിക്കലും ചേരാത്ത ബന്ധങ്ങ-
ളിൽ നിന്നും ഒരു മോചനമുണ്ടോ?.

**-രേണു കൃഷ്ണൻ**

ലേഖനം

# സമുദായ മൈത്രിയും ദേശീയ ഐക്യവും

**സഹ്യാദ്രിക്കും അലയാഴിക്കുമിടക്ക് പ്രകൃതിലാവണ്യം വഴിഞ്ഞൊഴുകുന്ന മത്തകമോഹനമായ ഒരു ഭൂവിഭാഗമാണ് നമ്മുടെ ജന്മനാടായ കേരളം ചിരന്തനവും പ്രാക്തനവുമായ ഒരു സംസ്കാരത്തിന്റെ ഉടമസ്ഥരാണ് കേരളീയർ. അലയാഴികൾ താണ്ടിക്കടന്നു വന്ന വിദേശിയരെ സഹർഷം സ്വാഗതം ചെയ്യാനുഗ്രഹിച്ച കേരളാംബയുടെ ഔദാര്യം ശ്ലാഘനീയംതന്നെ. അക്കൂട്ടത്തിൽപ്പെട്ടവരാണ്ക്രിസ്തു മത പ്രചാരകനായ സെന്റ്തോമസ് വീരസാഹസിക ലോകസഞ്ചാരിയായിരുന്ന മാർക്കോപോളോ, പോർച്ചുഗീസ് നായകനായിരുന്ന വാസ്ക്കോഡ്ഗാമ, അറബികൾ , ഡച്ചുകാർ,ബ്രിട്ടീഷുകാർ തുടങ്ങിയവർ. ഇവരുടെയെല്ലാം ആചാര്യമര്യാദകളും സംസ്കാരവിശേഷവും നമ്മുടെ സംസ്കാരികജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുതിയിട്ടുണ്ട്. പരസ്പരസ്നേഹവും സഹിഷ്ണുതയും ആണ് കേരളത്തിൽ കളിയാടിയിരുന്നു. സംസ്കാരപ്രഭാവകാലമായിരുന്നു അത്. എന്നാൽ ആ സുവർണ്ണകാലം എവിടെയോപോയ് മറഞ്ഞു.തൊട്ടുകൂടാത്തവരും ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളവരുമായി വലിയ ഒരു ഡനസമൂഹം ആവിർഭവിച്ചു.**

നമ്മുടെ വീഷണത്തിലുള്ള വൈവിധ്യമാണ് മതപരമായ ഭിന്നതകൾക്ക് കാരണം. ഓരോരുത്തരും അവരുടെ മതമാണ് ശ്രേഷ്ഠമെന്ന് വൃഥാധരിച്ചുവശായിരിക്കുന്നു. ഈ അസഹിഷ്ണുതാമനോഭാവം പാടേ നിർമ്മാർജ്ജനം ചെയ്താൽമാത്രമേ സമുദായിക മൈത്രിയും പരസ്പര സ്നേഹവും ജനങ്ങക്കിടയിൽ സംജാതമാകൂ.

ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ ജനങ്ങൾ ഇന്നും മത്സരിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ വീക്ഷണത്തിലുള്ള വൈവിധ്യമാണ് മതപരമായ ഭിന്നതകൾക്ക് കാരണം. ഓരോരുത്തരും അവരവരുടെ മതമാണ് ശ്രേഷ്ഠമെന്ന് വൃഥാധരിച്ചവരായിരിക്കുന്നു. ഈ അസഹിഷ്ണുതാമനോഭാവം പാടേ നിർമ്മാർജ്ജനം ചെയ്താൽ മാത്രമേ സമുദായിക മൈത്രിയും പരസ്പര സ്നേഹവും ജനങ്ങൾക്കിടയിൽ സംജാതമാകൂ. ഭരണഘടനയിൽ നമ്മുടേത് മതേതര രാഷ്ട്രം ആയിരിക്കുമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. അതായത്, യാതൊരു മതത്തേയും നിരുത്സാഹപ്പെടുത്തുന്നില്ല. എല്ലാതിനെയും തഴച്ചുവളരുവാൻ അനുവദിക്കും. പക്ഷേ, മതത്തിന്റെ സങ്കുചിതമായ വലയത്തിൽക്കിടന്ന് ജനങ്ങൾ ഇന്നും വീർപ്പുമുട്ട് അനുഭവിക്കുന്നു.

മതേതരത്വവും ജനാതിപത്യവും നമ്മുടെ രാജ്യത്തിന്റെ ഇരട്ടസ്തംഭങ്ങളാണ്. നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാനം തന്നെയാണ് അവ. സ്മരണാതീതകാലം മുതൽ നമ്മുടെ ജനതയിൽ ബഹുഭൂരിപക്ഷവും മതേതരത്വം, മതസഹിഷ്ണുത, സമാധാനം, മാനുഷികത്വം എന്നീ സങ്കൽപ്പങ്ങളോട് ഇഴുകിചേർന്നിട്ടുണ്ട്. മനുഷ്യനെ വിഭജിക്കുകയും, രാഷ്ട്രം തുണ്ടംതുണ്ടാക്കുകയും ചെയ്യുന്ന ഒരു ദുർഭൂതമാണ്

**മനുഷ്യനെ വിഭജിക്കുകയും, രാഷ്ട്രത്തെ തുണ്ടുതുണ്ടാക്കുകയും ചെയ്യുന്ന ഒരു ദുർഭൂതമാണ് വർഗ്ഗീയത.**

വർഗ്ഗീയത. അത് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിനെതിരെയാണ് നീങ്ങുന്നത്. നമ്മുടെ ഐക്യത്തിനും ആർജ്ജവത്തിനും അതൊരു ഭീഷണിയാണ്. ഇത് നാം ഏറ്റവും ഉത്ക്കണ്ഠാജനകമായി വീക്ഷിക്കണം. ഒരാൾ സമുദായത്തിലോ, ജാതിയിലോ, മതത്തിലോ ആയിക്കൊള്ളട്ടെഅയാൾ നേരിടുന്ന ആപത്ത് നമ്മുക്ക് എല്ലാവർക്കുമുള്ള ആപത്താണ്. 1967 ഡിസംബർ 22 ലെ ലോകസഭാസമ്മേളനത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞ ഈ വാക്കുകൾ എത്രയോ ശ്രദ്ധേയമാണ്. ഇന്ത്യയിൽ ഒരു മതനിരപേക്ഷ സമൂഹമുണ്ടോ? ഒരു മതനിരപേക്ഷ സമൂഹമില്ലാതെ ഒരു മതനിരപേക്ഷരാഷ്ട്രം അണ്ടായിരിക്കുക സാധ്യമല്ല. മതനിരപേക്ഷത മതത്തിന്റെ ശത്രുവല്ല. പക്ഷേ, ജനങ്ങലുടെ ഭൗതിക ജീവിത കാവ്യങ്ങളിൽ മതത്തിന്റെ പ്രസക്തിയും മൂല്യവും അഗീകരിക്കുകയും എല്ലാ മതങ്ങൾക്കും തുല്യപദവിയും സംരക്ഷണവും ഉറപ്പുവരുത്തുകയും ചെയ്തശേഷം ഭരണഘടന 25, 26 വകുപ്പുകൾ സംശയാതീതമായ നിലയിൽ ഇങ്ങനെ പറയുന്നു. എല്ലാ മതങ്ങൾക്കും അവരുടെ നിയമാനുസൃതമായ പരിധികളിൽ ഒതുങ്ങിനിന്ന് പ്രവർത്തിക്കേണ്ടതാണ്. എല്ലാ പൗരന്മാർക്കും ഉറപ്പുനൽകിയിട്ടുള്ള മതസ്വാതന്ത്ര്യം പൊതുവായ ക്രമസമാധാനം, ധാർമ്മികത, ആരോഗ്യം, മൗലികവകാശങ്ങൾ, എന്നിവയ്ക്ക് വിധേയമായിരിക്കുന്നതാണ്. പൊതുക്രമത്തിന് ധാർമ്മികതയ്ക്കും, പൊതുജനാരോഗ്യത്തിനും വിധേയമായി എല്ലാ മതങ്ങൽക്കും അവയുടെ എല്ലാ വിഭാഗങ്ങൽക്കും മതപരമായ കാര്യങ്ങൾ നടത്തികൊണ്ടു പോകാനുള്ള സ്വാതന്ത്ര്യം 26-ാം അനുഛേദം നൽകുന്നു. മതസഹിഷ്ണതയിലൂന്നിനിൽക്കുന്നതും എന്നാൽ മതങ്ങൾക്കൊക്കെ ഉചരിയായി വർത്തിക്കുന്നതുമായ ദേശീയബോധം ഊട്ടിവളർത്തുന്നതിന് ബോധപൂർവ്വമായ പരിശ്രമങ്ങളിൽ നാം ഏർപ്പെട്ടേമതിയാകു.

ഇന്ത്യയെപ്പോലെ ഇത്രയേറെ മത, ജാതി വിഭാഗങ്ങളുള്ള മറ്റൊരു രാജ്യമുണ്ടോ എന്ന് സംശയമാണ്. 1947 ൽ ആദ്യമായി മതത്തിന്റെ പേരിൽ ഇന്ത്യ വിഭജിക്കപ്പെട്ടു. പാകിസ്ഥാൻ ഭരണഘടനാപരമായി ഒരു ഇസ്ലാമിക റിപ്പബ്ലിക്കായി

പ്രഖ്യാപിക്കപ്പെട്ടപ്പോൾ സാമുദായിക സൗഹാർദ്ദത്തിന്റെ പ്രയോക്താവായിരുന്ന മഹാത്മാ ഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും നേതൃത്വത്തിൽ ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമായിരിക്കണമെന്നാണ് തീരുമാനിച്ചത്. ഇവിടെ സാമുദായിക സൗഹാർദ്ദം രാഷ്ട്രനിർമ്മാണാശയത്തിന്റെ സ്തംഭങ്ങളിലൊന്നായിത്തീർന്നു. മതനിരപേക്ഷ ജനാതിപത്യവ്യവസ്ഥക്കാണ് ജവഹർലാൽ നെഹ്റു അടിത്തറ പാകിയത്. പക്ഷേ, ഇന്ന് നെഹ്റുവിന്റെ ആദർശങ്ങൾക്കും ഇന്ത്യൻ ഭരണഘടനയിലെ അടിസ്ഥാന തത്ത്വങ്ങൾക്കും ഘടകവിരുദ്ധമായി മതവും ജാതിയും സ്റ്റേറ്റിന്റെ ഭരണപ്രക്രിയകളിൽ ഒളിച്ചുകളി നടത്തുന്നു. അങ്ങനെ മതത്തേയും ജാതിയെയും അടിസ്ഥാനമാക്കിയുള്ള സാമുദായങ്ങൾ തമ്മിൽ മത്സരിക്കുന്നു. സംഘടനകൾ ഉണ്ടാക്കുന്നു. രാഷ്ട്രശരീരത്തിനു ക്ഷതമേൽക്കുകയും ചെയ്യുന്നു.

പ്രശസ്തകവിയായ ചെമ്മനം ചാക്കോ തന്റെ ഒരു കവിതയിൽ ഇപ്രകാരം പറയുന്നു.

“മുമ്പിലൊക്കെയും ജാതി
തിരിഞ്ഞാൽ പിന്നിൽ ജാതി.
തന്നിടംവലം ജാതി,
ഉള്ളിനുള്ളിൽ ജാതി,
അസ്തമിച്ചിരുപതാം
നബറ്റാണ്ടുപോകുന്തോറും
മെത്രയും ഉച്ചസ്ഥനായ്ത്തീരുന്നു.
ജാതി സൂര്യൻ"

മറ്റൊരു കവിതയിൽ ചെമ്മനം ഇപ്രകാരം വിലപിക്കുന്നു.

“ജാതിയില്ലേടിൽ, പക്ഷേ
ഭാരതനാടേ, നിന്റെ
ജാതകം വിചിത്രം, നീ
ജാതിയിൽ നശിക്കുന്നു"

ഇതിനെന്താണ് പരിഹാരം? മതങ്ങളെ ഇല്ലാതാക്കാൻ സാദ്ധ്യമല്ലല്ലോ, മഹാകവി ഉള്ളൂരിനോടൊപ്പം.

"ഒരു മതം മതിയിനിപരസ്നേഹം
ഒരിവർഗ്ഗം മതി
മനുഷ്യസാജ്ഞകം
ഒരു രാഷ്ട്രം മതി ധാരാതലം
നമുക്കൊരു ദൈവം മതി ഹൃദി
സ്ഥിതം ദീപം."

**വിഭിന്ന സമുദായക്കാ, വ്യത്യസ്ത മതവിശ്വാസം ഉള്ളവർ ഇവർക്കിടയിൽ സൗഹാർദ്ദത്തിന്റെയും, സ്നേഹത്തിന്റെയും ഐക്യമത്ത്യത്തിന്റെയും പാലങ്ങൾ കൊടിയുയർത്താം**

എന്നിങ്ങനെ നമുക്കൊരു സ്വപ്നം കാണാം. എങ്കിലും വൈരുദ്ധ്യങ്ങളും വൈജാത്യങ്ങളുമുള്ള ജനസമുദായങ്ങളെ തമ്മിൽ എങ്ങനെ കോർത്തിണക്കണമെന്ന് ആലോചിക്കേണ്ടതാണ്. വ്യത്യസ്ത മതങ്ങളും ജാതികളും കൊണ്ട്, ശിഥിലമായിക്കൊണ്ടിരിക്കുന്ന രാജ്യത്തെ, പലതരം പൂക്കളുള്ള ഹൃദയഹാരിയായ ഒരു നന്ദനോദ്യാനത്തിനു തുല്യമാക്കാൻ നമുക്ക് ശ്രമിക്കാം. വിഭിന്ന സമുദായക്കാർ വ്യത്യസ്തമതവിശ്വാസമുള്ളവർ ഇവർക്കിടയിൽ സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും

പാലങ്ങൾ കെട്ടിയുയർത്താം.

നനാ ജാതിമതസ്ഥർ തമ്മിൽ സ്നേഹം വളർത്താനുതകുന്നതരത്തിലുള്ള വാർത്തകളും ഫീച്ചറുകളും മുഖപ്രസംഗങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കാൻ വാർത്താമാധ്യമങ്ങൾ ശ്രമിക്കണം സർവ്വമത സാരവും ഏകം എന്ന ചിന്ത ജനങ്ങളിൽ വളർത്തിയെടുക്കണം. മതവികാരങ്ങളെ പ്രീണിപ്പിച്ച് മുതലെടുക്കുന്ന ഏർപ്പാട് അവസാനിക്കണം. ക്ഷേത്രങ്ങളിലെയും പള്ളികളിലെയും മറ്റു ദേവാലയങ്ങളിലെയും ഉത്സവാഘോഷങ്ങളും മതപരമായ മറ്റു ചടങ്ങുകളും റെക്കോഡ് ചെയ്ത് ഇലക്ട്രോണിക് മാധ്യമങ്ങലിലൂടെ അവതരിപ്പിക്കുന്നത് നല്ലതുതന്നെ. ഈ പരിപാടികളിലൂടെ വിഭിന്ന മതസ്ഥർക്ക് ഇതരമതങ്ങളുടെ വിവിധവശങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ കഴിയും. മതവിദ്വേഷം വർത്തുന്ന യാതൊരു പരിപാടിയെയും പ്രോത്സാഹിപ്പിക്കരുത്.

"ഇന്നു തൊട്ടിനിയില്ലനമ്മളിൽ
ഭിന്ന വർഗ്ഗീയ ചിന്തകൾ
ഇല്ല ജാതി മതാതിബേദങ്ങ-
ളില്ലെന്നാചാര നിഷ്ഠകൾ
ചിന്തകളും മൊഴികളും
സർവ്വമൈക്യസൗഹൃദോജ്ജലം
സർവ്വമാദർശകോളം."

എന്ന് മഹാകവി ചങ്ങമ്പുഴയോടൊപ്പം നമുക്കും പ്രതിജ്ഞയെടുക്കാം.

-അമ്മു എസ് രാജ്

കവിത

## ഞാനായ ഞാൻ

എന്തുകൊണ്ടോ ഞാൻ എന്നെ കണ്ടില്ല
കണ്ടതുപ്പോലെ നടിച്ചില്ല.
പറയാതെ തന്നെ അറിഞ്ഞു
ആ മിഴികൾ എന്റേതായിരുന്നു എന്ന്.

വിഷമങ്ങൾ ഉള്ളിൽ നിറച്ചപ്പൊഴും ഞാൻ
പതറാത്തെ നിന്നു ചിരികളുമായി,
മിണ്ടാതെ പോയ പൊൻവെളിച്ചതെയോർ-
ത്തു അറിയാതെ ഒന്നു ഞാൻ തേങ്ങിപ്പോയി.

പറയാതെ പോയതല്ലേ, നിൻ പ്രിയ
സഖിയിനിവിടെ കാത്തുനിൽപ്പൂ.
കാണാൻ നേരമില്ലെങ്കിലും നിനക്കെന്റെ
മനസ്സും കണ്ണുനീർ മിഴിയും തന്നെ,

പോയതല്ലേ, പോയ്ക്കൊള്ളൂ നിൻ
ഇഷ്ടസഖിയെ തേടി ദൂരത്തോളം.
പോയ്ക്കോളൂ പോയ്ക്കോളൂ അകലേക്കായി
പോയ്ക്കോളൂ,

അന്നായിരുന്ന ആ ചോദ്യം
എന്നെ പിടിക്കൂടിയത്,
ആരാണ് ഞാൻ ?, ഞാൻ ആരായി
മാറുന്നു?

ജ്വലിക്കുമീ തീയും ക്രൗര്യവും
എന്നിലെ ആ ഞാനെന്ന ചോദ്യം
മനസ്സിൽ ഉടലെടുത്തു നിന്നു

അന്നാണ് ഞാൻ അറിഞ്ഞതാ-
ഞാൻ ഞാനാണ്, അത് സ്ത്രീയാണ്,
അതായിരുന്നു ഞാൻ.
- അമ്മു എസ് രാജ്

നാടോടിക്കഥ

# പേടി മാറിയ മരുന്ന്

പണ്ടു പണ്ട് മീനുകൾ കരയിലായിരുന്നു ജീവിച്ചിരുന്നത്. അന്നൊക്കെ മനുഷ്യരും മീനുകളും കൂട്ടുകാരുമായിരുന്നു. അക്കാലത്ത് ആഫ്രിക്കയിൽ ഹിംബ ഗോത്രത്തിൽ ആഹു എന്നൊരു മാന്ത്രികൻ ഉണ്ടായിരുന്നു.

ഒരു കടൽക്കരയിലാണ് അദ്ദേഹം താമസിച്ചിരുന്നത്. നാട്ടിൽ ആർക്കു രോഗം വന്നാലും ചികിൽസിക്കുന്നത് ആഹുവാണ്. ആ വീട്ടിലൊരു മീനിനെ വളർത്തിയിരുന്നു. വിസു എന്നായിരുന്നു ആ മീനിന്റെ പേര്.

ഒരിക്കൽ ഒരാൾ ആഹുവിനെ കാണാനെത്തി.

"എന്റെ അമ്മാവന് വിചിത്രമായൊരു അസുഖം. വെള്ളം കാണുമ്പോൾ അദ്ദേഹം വല്ലാതെ പേടിക്കുന്നു. ഈ പേടി കാരണം വെള്ളം കുടിക്കാൻപോലും കഴിയുന്നില്ല." വന്നയാൾ പറഞ്ഞു.

"സാരമില്ല, മരുന്നു കൊടുത്തയക്കാം പൊയ്ക്കോളൂ.." ആഹു പറഞ്ഞു.

അയാൾ പോയതും ആഹു മരുന്നുണ്ടാക്കാൻ തുടങ്ങി. കുറേ നേരമെടുത്ത് മരുന്നുണ്ടാക്കി വിസുവിന്റെ ചുണ്ടിൽ വച്ചുകൊടുത്തിട്ട് ആഹു പറഞ്ഞു, "ഈ മരുന്ന് നീ ആ രോഗിയുടെ വീട്ടിൽ എത്തിക്കണം. ഇതു കഴിച്ചാൽ വെള്ളത്തിനോടുള്ള പേടി മാറും."

വിസു മരുന്നും കടിച്ചുപിടിച്ച് കടൽക്കരയിലൂടെ രോഗിയുടെ വീട്ടിലേക്ക് നടന്നു. പെട്ടെന്നാണ് കടൽക്ഷോഭം ഉണ്ടായത്. ഭീമൻതിരകൾ കരയിലേക്ക് കയറി. തിരയിൽപ്പെട്ട് പാവം വിസു കടലിലേക്ക് ഒഴുകിപ്പോയി. ചുണ്ടിൽ കടിച്ചുപിടിച്ചിരുന്ന മരുന്ന് അവൻ അറിയാതെ വിഴുങ്ങിപ്പോയി! ഭാഗ്യം, അതോടെ അവന് കടലിൽ ശ്വാസം കിട്ടാൻ തുടങ്ങി. കടൽ ശാന്തമായപ്പോൾ അവൻ കരയ്ക്കു കയറി ആഹുവിനരിലെത്തി. "ക്ഷമിക്കണം, ആ മരുന്ന് ഞാനറിയാതെ വിഴുങ്ങി." വിസു പറഞ്ഞു.

മരുന്ന് കൃത്യസമയത്ത് എത്താത്തതിനാൽ ആ രോഗി മരിച്ചുപോയ വാർത്തയറിഞ്ഞ് ദുഖിച്ചിരിക്കുകയായിരുന്നു ആഹു. വിസു തന്നെ പറ്റിച്ചതാണെന്നാണ് ആഹു കരുതിയത്. "ചതിയാ, നിന്നെ ഞാനിന്നു കൊല്ലും..." അലറിക്കൊണ്ട് ആഹു വിസുവിനുപിന്നാലെയോടി. പേടിച്ചോടിയ വിസുകടലിലേക്ക് എടുത്തുചാടി. പിന്നീടൊരിക്കലും അവൻ കരയിലേക്ക് വന്നിട്ടേയില്ല. ആഹുവോ? വിസുവിനോടുള്ള കലിയടങ്ങാതെ അവനെ ശപിച്ചു. "ഏതു കടലിൽ പോയൊളിച്ചാലും മനുഷ്യർ നിന്നെ വേട്ടയാടി പിടിക്കും"

**അങ്ങനെയൊരു ചെറിയ തെറ്റുദ്ധാരണയുടെ പുറത്താണത്രെ മനുഷ്യരും മീനുകളും ശത്രുക്കളായതെന്നാണ് ഹിംബ ഗോത്രക്കാരുടെ വിശ്വാസം.**


ജലം പാഴാക്കരുത്!
Ammu S Raj. Jr

# കണക്കുസൂത്രം

നിങ്ങളുടെ കൂട്ടുകാരെ അമ്പരപ്പിക്കണോ? ഇതാ, ഒരു കണക്കിലെ കളി:

1. നിങ്ങളുടെ ചങ്ങാതിയോട് ഒരു സംഖ്യ മനസ്സിൽ വിചാരിക്കാൻ പറഞ്ഞോളൂ.

2. അതിന്റെ കൂടെ 5 കൂട്ടൂ. (Add 5)

3. കിട്ടിയ സംഖ്യയെ 3 കൊണ്ട് ഗുണിക്കണം. (Multiply by 3)

4. ഉത്തരത്തിൽ നിന്ന് 15 കുറയ്ക്കാൻ പറയൂ. (Subtract 15)

5. ഇപ്പോൾ കിട്ടിയ സംഖ്യയെ ആദ്യം മനസ്സിൽ വിചാരിച്ച സംഖ്യകൊണ്ട് ഹരിക്കണം. (Divide by the original number)

6. ഈ ഉത്തരത്തിന്റെ കൂടെ 7 കൂട്ടണം. (Add 7)

ഇനി ചങ്ങാതിയോട് ചോദിക്കാം ഉത്തരം 10 അല്ലേ?

പല സംഖ്യകൾ വച്ച് നോക്കിക്കോളൂ. എപ്പോഴും ഉത്തരം 10 ആയിരിക്കും!

കവിത

## കഴുതയും വഴുതനരാമനും

പൊഴുതനയുള്ളൊരു
വഴുതനരാമൻ
വഴുതനവിറ്റൊരു
കഴുതയെ വാങ്ങീ-
ട്ടുഴവൂർപ്പുഴയിൽ
കടവിലിറങ്ങി,
പുഴയിലൊഴുക്കിൽ
കഴുതയുമൊഴുകി,
വഴുതനരാമൻ
പിറകെയുമൊഴുകി,
കടലിലിറങ്ങീ
കഴുതയുമൊപ്പം
വഴുതനരാമനു-
മതുവഴിയിതുവഴി
കടലിൽ നീന്തി,
കരയിലുമെത്തി!

-അപർണ രാജു

ചെറുകഥ

# തോക്കും ഗോതമ്പും

ഒരു അമേരിക്കൻ പട്ടാളക്കാരൻ വിമാനത്തിൽവച്ച് അടുത്ത് സീറ്റിലിരുന്നയാളോട് ചോദിച്ചു:
"താങ്കൾ എന്ത് ചെയ്യുന്നു?" "കൃഷിയാണ്." അദ്ദേഹം മറുപടി പറഞ്ഞു.
പൊങ്ങച്ചക്കാരനായ പട്ടാളക്കാരൻ ഉത്സാഹത്തോടെ തന്റെ പട്ടാളക്കഥകൾ പറയാൻ തുടങ്ങി.
"അറിയാമോ, ഞാൻ വെറുമൊരു തോക്കുകൊണ്ട് ശത്രുക്കളെ തുരത്തി പത്തു സഹപ്രവർത്തകരുടെ ജീവൻ രക്ഷിച്ചിട്ടുണ്ട്."
കൃഷിക്കാരൻ പുഞ്ചിരിച്ചു. പട്ടാളക്കാരൻ അടുത്ത ചോദ്യം തൊടുത്തു: "നിങ്ങൾ എന്നെങ്കിലും ആരെയെങ്കിലും ധീരതകൊണ്ട് രക്ഷിച്ചിട്ടുണ്ടോ?"
"ഇല്ലസുഹൃത്തേ, എനിക്ക് തോക്കെടുത്ത് ആരെയും രക്ഷിക്കാൻ അവസരം കിട്ടിയിട്ടില്ല." കൃഷിക്കാരൻ പറഞ്ഞു.
പട്ടാളക്കാരന് ആവേശമായി.
"ഹ..ഹ.. അതാണ് ഞങ്ങളുടെ മഹത്വം. പട്ടാളക്കാരുടെ ആയുധബലവും ധീരതയുമാണ് നാട്ടുകാരുടെ ജീവൻ രക്ഷിക്കുന്നത്."
ഇത്തവണ കൃഷിക്കാരൻ ഇടപെട്ടു: "നിങ്ങൾ പറഞ്ഞതു ശരിതന്നെ. പക്ഷേ, ചിലപ്പോൾ നമുക്ക് ആയുധമില്ലാതെയും ധീരത കാണിക്കാൻ കഴിയും. ഞാനും കൂട്ടുകാരും ഗോതമ്പുകൊണ്ട് ചില ധീരതകൾ കാണിച്ചിട്ടുണ്ട്."
"ങേ! ഗോതമ്പുകൊണ്ട് ധീരതയോ?" പട്ടാളക്കാരന് അത്ഭുതമായി.
"അതെ. ഒരിക്കൽ മെക്സിക്കോയിലെ ഗോതമ്പുപാടങ്ങളിൽ രോഗം പടർന്നു. കൃഷി നശിച്ചതോടെ പട്ടിണി കാരണം അനേകം പേർ മരിച്ചു. ഞാനും കൂട്ടുകാരും രോഗം വരാത്ത ഗോതമ്പുചെടി കണ്ടെത്താൻ പരീക്ഷണം തുടങ്ങി. പതിനാറു വർഷം കൊണ്ട് ഞങ്ങൾ ആറായിരം പരീക്ഷണങ്ങൾ നടത്തി. അങ്ങനെ ഞങ്ങൾ ഉണ്ടാക്കിയെടുത്ത ഗോതമ്പുചെടികൾ നല്ല വിളവുതന്നു. മെക്സിക്കോയിലെ കൃഷിക്കാർ പട്ടിണിയിൽ നിന്ന് രക്ഷപ്പെട്ടു.ആ ഗോതമ്പുചെടികൾ ഞങ്ങൾ ലോകമെങ്ങും എത്തിച്ചു. അതായിരുന്നു ഗോതമ്പുകൊണ്ടുള്ള ഞങ്ങളുടെ ധീരപ്രവർത്തി."
അതുകേട്ട് പട്ടാളക്കാരന്റെ തലതാഴ്ന്നു. സമാധാനനൊബൽ നൽകി ലോകം ആദരിച്ച, ലോകപ്രശസ്ത കൃഷിശാസ്ത്രജ്ഞൻ നോർമൻ ബൊർലോഗ് ആയിരുന്നു ആ കൃഷിക്കാരൻ.
മികച്ച വിളകൾ കണ്ടെത്തി നോർമൽ ബൊർലോഗ് ഒരു കോടി മനുഷ്യരെയെങ്കിലും പട്ടിണി മരണത്തിൽ നിന്ന് രക്ഷിച്ചിട്ടുണ്ട് എന്നാണ് കണക്ക്. അതുകൊണ്ട് അദ്ദേഹത്തെ മറ്റൊരു പേരിൽ വിളിക്കാറുണ്ട്-'ഒരു കോടി ജീവൻ രക്ഷിച്ച മനുഷ്യൻ'!

-അമ്മു എസ് രാജ്

രസബിന്ദു

## ധൈര്യത്തിന്റെ രഹസ്യം

ഒരു ദിവസം ഈപ്പച്ചൻ മുതലാളിയും ഡ്രൈവറായ കേശുവും ഒരു സാഹസിക യാത്ര നടത്തുകയായിരുന്നു. വലിയ വളവുകൾ വരെ വളരെ നിസ്സാരമായി ഓടിക്കുന്ന കേശുവിനോട് മുതലാളി ചോദിച്ചു;''നിനക്ക് പേടിയാവുന്നില്ലേ?.
കേശു;''എന്തിന്?.മുതലാളി;''ഇത്ര വലിയ വളവുകൾ വളയ്ക്കാൻ എനിക്ക് പേടിയാ.ഇവിടെ ഇരിക്കുന്ന എനിക്ക് ഇത്ര പേടിയായിട്ടും ഓടിക്കുന്ന നിനക്കെന്താ പേടിയില്ലാത്തെ?''.കേശു;''അത് എളുപ്പമാ മുതലാളീ.. വളവു തിരിയുമ്പോ മുതലാളി എന്നെ പോലെ കണ്ണടച്ചു പിടിച്ചാൽമതി.

**-മിഥുൻ സെബാസ്റ്റൻ**


പ്രകൃതിയെ കാത്തുരക്ഷിക്കുക
Ammu S Raj. Jr

ചെറുകഥ

# മിക്കുവിന്റെ ടൂർ

മിക്കു മരമണ്ടനായ ജിക്കുവിനെയും കൂട്ടി ടൂറുപോയി. ടൂറിന്റെ എല്ലാ ചെലവുകളും തുല്യമായി പങ്കിടണമെന്ന് അവർ ആദ്യമേ തീരുമാനിച്ചു. യാത്രക്കിടയിൽ അവരൊരു ഹെലികോപ്റ്റർ സവാരിയും നടത്തി. രണ്ടു പേരും തുല്യമായി പണമടച്ച് ഹെലികോപ്റ്ററിൽ കയറി. പകുതിയെത്തിയപ്പോൾ ഹെലികോപ്റ്ററിന്റെ പൈലറ്റ് അലറിവിളിച്ചു:

“ഹയ്യോ എഞ്ചിൻ കേടായി. ഞാനിത് അവിടെയെങ്കിലും ഇടിച്ചിറക്കാൻപോവുകയാ! അതിനു മുമ്പ് നിങ്ങളിൽ ഒരാൾക്ക് ചാടി രക്ഷപ്പെടാം. ഒരു പാരച്യൂട്ട് മാത്രമേ ഹെലികോപ്റ്ററിൽ ഉള്ളൂ!”

ഇതു കേട്ടതും മിക്കു മണ്ടനായ ജിക്കുവിനോട് പറഞ്ഞു, “എടാ, ഞാൻ ചാടി രക്ഷപ്പെടട്ടെ.എനിക്ക് വീട്ടിൽ പോയിട്ട് കുറേ കാര്യങ്ങൾ ചെയ്യാനുള്ളതാ.”

കേട്ടതും ജിക്കു സമ്മതിച്ചു. മിക്കു പാരച്യൂട്ടുമെടുത്ത് ഒറ്റച്ചാട്ടം! എന്നിട്ട് വിളിച്ചു പറഞ്ഞു, “താങ്ക് യൂ ജിക്കു, ബൈ... ബൈ...”

ജിക്കു മറുപടി പറഞ്ഞു, “ബൈ...ബൈ മിക്കു, ഒരു കാര്യം പറയാൻ മറന്നു. നീ കൊണ്ടുപോകുന്ന പാരച്യൂട്ടിന്റെയും പകുതി വാടക എന്റേതാണല്ലോ. അതുകൊണ്ട് പാരച്യൂട്ടിന്റെ ചരടെല്ലാം ഞാൻ മുറിച്ചെടുത്തിട്ടുണ്ട്...!”

-പൂജ ലക്ഷ്മി

നാടോടിക്കഥ

## സ്വപ്നം ഫലിക്കുമോ?

പണ്ടുപണ്ട് ഒരു നാട്ടിൽ ഫ്രെഡറിക് എന്നൊരു സോപ്പു കച്ചവടക്കാരനുണ്ടായിരുന്നു. എന്നും പാതിരവരെ കച്ചവടം നടത്തിയിട്ടും അയാൾക്ക് പട്ടിണി മാത്രമായിരുന്നു ഫലം!

ഒരിക്കൽ ഫ്രെഡറിക് ഒരു സ്വപ്നം കണ്ടു. സ്വപത്തിൽ ഒരു അപ്പൂപ്പൻ ഫ്രെഡറിക്കിനോട് പറഞ്ഞു: "നീ നഗരത്തിലെ പാലത്തിലേക്കു ചെല്ലൂ. അവിടെ ഒരു നല്ല വാർത്ത കേൾക്കും. ആ വാർത്ത നിന്റെ എല്ലാ കഷ്ടപ്പാടും മാറ്റും."

വെറും സ്വപ്നമല്ലേ? ഫ്രെഡറിക് അതു കാര്യമാക്കിയില്ല. പക്ഷേ, അടുത്ത രാത്രിയിലും അതേ സ്വപ്നം തന്നെ അയാൾ കണ്ടു.

'ചില സ്വപ്നങ്ങൾ ചില സമയത്ത് ഫലിക്കും,' അമ്മൂമ്മ പറയാറുള്ളത് ഫ്രെഡറിക് ഓർത്തു.

താമസിച്ചില്ല, അയാൾ നഗരത്തിലെ പാലത്തിലേക്കു നടന്നു. നല്ല ദൂരമുണ്ടെങ്കിലും കുതിരവണ്ടി പിടിക്കാനൊന്നും ഫ്രെഡറിക്കിന്റെ കൈവശം പണമില്ല. നടന്നു തളർന്ന അയാൾ പാലത്തിലെത്തി.

വഴിയാത്രക്കാരും കുതിരവണ്ടികളും വാഹനങ്ങളും കടന്നുപോകുന്നു. ആരും ഫ്രെഡറിക്കിനെ നോക്കിയതുപോലുമില്ല.

മൂന്നു രാത്രിയും പകലും ഫ്രെഡറിക് ആ പാലത്തിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

"ച്ഛെ! ഇവിടെ തനിക്ക് പ്രയോജനപ്പെടുന്ന ഒരു വാർത്തയുമില്ല! സ്വപ്നങ്ങളിലെ അപ്പൂപ്പൻ പറ്റിച്ചു!" ഫ്രെഡറിക് മടങ്ങാനൊരുങ്ങി. പെട്ടെന്ന് ഒരു കച്ചവടക്കാരൻ അയാളെവിളിച്ചു.

"ചങ്ങാതീ, നിങ്ങൾ മൂന്നു ദിവസം ആയല്ലോ പാലത്തിലൂടെ നടക്കുന്നു? എന്താ

കാര്യം?''
മറുപടി പറയാൻ ഫ്രെഡറിക്കിന്നാണക്കേട്ട തോന്നി.
''പാലത്തിൽ സംശയകരമായി ആരെ കണ്ടാലും പോലീസിൽ പറയണമെന്ന് നിയമമുണ്ട്. നിങ്ങൾ സത്യം പറഞ്ഞില്ലെങ്കിൽ ഞാൻ പോലീസിനെ വിളിക്കും.'' കച്ചവടക്കാരൻ പറഞ്ഞു.
അതുകേട്ട ഫ്രെഡറിക് സ്വപ്നത്തെക്കുറിച്ച് കച്ചവടക്കാരനോട് പറഞ്ഞു. എല്ലാം കേട്ട് കച്ചവടക്കാരൻ പൊട്ടിച്ചിരിച്ചു.
''ചങ്ങാതീ, നിങ്ങളിത്ര മണ്ടനായിപ്പോയല്ലോ! വെറും സ്വപ്നം കണ്ട് ഇങ്ങനെ ഇറങ്ങിപ്പുറപ്പെടാമോ? നിങ്ങൾക്ക് ഇന്നലെ ഞാൻ കണ്ടൊരു സ്വപ്നം കേൾക്കണോ? ഒരു ഗ്രാമത്തിലെ സോപ്പുകച്ചവടക്കാരൻ കുടലിനുപിറകിൽ ഒരു ഓക്കുമരം നിൽപ്പുണ്ട്. അതിന്റെ ചുവട്ടിൽ ഒരു നിധിമറഞ്ഞിരിക്കുന്നുണ്ടത്രേ! ഈ സ്വപ്നം കണ്ട് ഞാൻ ആ നിധി തേടിപ്പോയാൽ എന്തൊരു മണ്ടത്തരമായിരിക്കും!''
അതുകേട്ട ഫ്രെഡറിക് ഞെട്ടി. ങേ! താൻ തന്നെയല്ലേ ആ സോപ്പുകച്ചവടക്കാരൻ? തന്റെ വീടിനുപിറകിൽ ഓക്കുമരമുണ്ടല്ലോ!
പിന്നെ ഫ്രെഡറിക് ഒറ്റയോട്ടമായിരുന്നു. അതുകണ്ട് കച്ചവടക്കാരൻ ഊറിച്ചിരിച്ചു. ''ഇങ്ങനെയുമുണ്ടോ മരമണ്ടന്മാർ!''
ഓടിത്തളർന്ന് ഫ്രെഡറിക് വീടിന് പിറകിലെ ഓക്കുമരച്ചുവട്ടിലെത്തി. മൺവെട്ടിയെടുത്ത് അവിടെ കിളച്ചുനോക്കി.
''ണിം!'' അതാ ഒരു ചെമ്പുകുടം! തുറന്നു നോക്കിയപ്പോൾ നിറയെ സ്വർണനാണയങ്ങൾ!
അങ്ങനെ, ഫ്രെഡരിക് പണക്കാരനായി. 'ചില സ്വപ്നങ്ങൾ ചിലർക്ക് ചില സമയത്ത് ഫലിക്കും.'' അമ്മൂമ്മയുടെ വാക്കുകൾ അയാൾ തന്റെ പുതിയ മാളികയുടെ കവാടത്തിൽ എഴുതിവച്ചു!..

-അജ്ഞിത ബാബു

ലേഖനം

# മലയാള ചെറുകഥ

**1889-ൽ വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച വേങ്ങയിൽ കുഞ്ഞിരാമൻനായനാർ എഴുതിയ വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ**

**വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, മൂർക്കോത്തു കുമാരൻ, തുടങ്ങിയവരിലൂടെ വളർന്ന മലയാള ചെറുകഥാ പ്രസ്ഥാനം, രൂപഭാവങ്ങൾ ഏറെ വൈവിധ്യം പുലർത്തുന്ന ഇന്നത്തെ എഴുത്തുകാരിലൂടെ അതിന്റെ ഏറ്റവും പുതിയ മുഖത്തെ പ്രതിനിധാനം ചെയ്യുന്നു**

**പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളും ഭാരതീയ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം വളർച്ചയുടെ കാലഘട്ടമായിരുന്നു. യൂറോപ്യൻ സാഹിത്യത്തിൽ നിന്നു നിരവധി സാഹിത്യരൂപങ്ങൾ ഭാരതിയ ഭഷകളിലേയക്ക് കടന്നുവന്നു. ചെറുകഥ, നോവൽ, നാടകം, ഭാവഗീതം, വിലാപകാവ്യം, ഖണ്ഡകാവ്യം എന്നിങ്ങനെ ആ നിര നീണ്ടുപോകുന്നു. ആധുനിക രീതിയിലുള്ള പള്ളിക്കൂടങ്ങളും അവയിലൂടെ പ്രചരിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസവും തുടർന്നുണ്ടായതത്......**

**-അഭിരാമി സാബു**

ചെറുകഥ

# കാണാതായ പണക്കിഴി

ഒരിക്കൽ ഒരു ബ്രാഹ്മണൻ കുറേ പണവുമായി കൊട്ടാരത്തിൽനിന്നു മടങ്ങുകയായിരുന്നു. മകളുടെ വിവാഹത്തിനായി മഹാരാജാവിൽ നിന്നു സഹായമായി കിട്ടിയതാണ് പണം.

വഴിക്കുവച്ച്, ബ്രാഹ്മണൻ ഒരു കുളത്തിൽ കുളിക്കാനിറങ്ങി. പണക്കിഴി കൽപ്പടവിൽ വച്ചിരുന്നു. എന്നാൽ കുളി കഴിഞ്ഞു കയറിയപ്പോഴോ? പണക്കിഴി കാണാനില്ല!

ബ്രാഹ്മണൻ എന്തുചെയ്യണമെന്ന് അറിയാതെ നിന്നു.


കുറേക്കഴിഞ്ഞ് കുളിക്കടവിലെത്തിയ ഒരു സ്ത്രീ പണക്കിഴി കണ്ടുപിടിച്ചു! പണം കൽപ്പടവിൽത്തന്നെയുണ്ടായിരുന്നു. അതിനുമുകളിൽ ഒരു പശു ചാണകമിട്ടുകൊണ്ട് കണ്ടില്ലെന്നു മാത്രം!

സ്ത്രീ ബ്രാഹ്മണന് പണക്കിഴി തിരികെ കൊടുത്തു. സന്തോഷത്തോടെ ബ്രാഹ്മണൻ അവരെ അനുഗ്രഹിച്ചു:

"നിനക്ക് അതിബുദ്ധിമാനും പ്രശസ്തനുമായ ഒരു മകനുണ്ടാകട്ടെ!"

ആ സ്ത്രീക്ക് ഉണ്ടായ പുത്രനാണത്രേ കുഞ്ചൻ നമ്പ്യാർ.

**- അർജ്ജുൻ കെ അജിൻ**


ഭൂമിയെ കാത്തു രക്ഷിക്കുക
Sandhra Manoj

കഥ

# ജീവിതത്തിന്റെ വഴികാട്ടികൾ

തെക്കേമലയിലെ കുന്നിൻ പുറത്തെ വാസുദേവൻ ചേട്ടന്റെ കള്ള് ഷാപ്പ് പ്രശസ്തമാണ്. അവിടുത്തെ സ്ഥിരം വരവുകാരനാണ് രാമു. അയാൾ ഇപ്പോൾ ഒരു തികഞ്ഞ മദ്യപാനിയാണ്. ഒരു മൂന്നു വർഷം മുമ്പുവരെ അയാൾ ഇങ്ങനെയൊന്നും ആയിരുന്നില്ല.നാട്ടികാർ വളരെയധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ഒരു ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു രാമു. ബാങ്കിൽ മറ്റാരോ ചെയ്ത തിരുമറിയുടെ പേരിൽ ബാങ്കിലെ ഉയർന്ന ഉദ്യോഗസ്ഥനായ രാമുവിനെ പോലീസ് അറസ്റ്റ് ചെയ്തു. അങ്ങനെ ഒരു വർഷത്തോളം രാമു ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നു. കോടതിയിൽ കേസ് തെളിയിച്ച് രാമു തെറ്റുകാരനല്ലെന്ന് പ്രഖ്യാപിച്ചിട്ടും നാട്ടുകാർ അവനെ കള്ളനെന്ന് മുദ്ര കുത്തുക തന്നെ ചെയ്തു. നാട്ടുകാരുടെ പരിഹാസവും, മറ്റുള്ളവരുടെ മുന്നിൽ അപമാനിതനുമായ രാമുവിന്, മദ്യത്തിന് അടിമപ്പെടാൻ രണ്ടു വർഷം ധാരാളമായിരുന്നു. മറ്റാരും ആഗ്രഹിച്ചു പോകുന്ന ഒരു ജീവിതമുണ്ടായിരുന്ന രാമുവിന്റെ ജീവിതം വെറും മൂന്നുവർഷം കൊണ്ട് തകിടം മറിഞ്ഞ് ഗതിമാറി പോയത് ദൈവത്തിന് പോലും അത്ഭുതമായിരുന്നു.

പിന്നീടെപ്പൊഴോ ഈ ജീവിതം കൊണ്ട് യാതൊരു ഗുണവും ഇല്ല എന്ന് തോന്നിയ രാമു ആത്മഹത്യാ ശ്രമം നടത്തി. അതോടെ ബന്ധുക്കൾക്ക് രാമുവിന്റെ ജീവനിൽ പേടിയും ആശങ്കയുമായി. അവർ രാമുവിനെ പഴയ അവസ്ഥയിലേക്കു തിരികെ കൊണ്ടുവരാൻ പല വഴികളും ശ്രമിച്ചു. അവയ്യൊന്നും യാതൊരു ഫലവും ലഭിച്ചില്ല. രാമുവിന്റെ കുടുംബം കന്യാകുമാരിയിലെ പ്രശസ്തനായ ഒരു സിദ്ധനെക്കുറിച്ച് അറിഞ്ഞു. അദ്ദേഹം ചികിൽസിച്ചിട്ടുള്ള എല്ലാവരും ഇന്ന് നല്ല അവസ്ഥയില്ലാണുള്ളത് അവർ മനസ്സിലാക്കി. ഉടൻതന്നെ രാമുവിനെയും കൂട്ടി അവർ കന്യാകുമാരിയിലേക്ക് യാത്രയായി. അവിടെ എത്തിയപ്പോൾ വലിയ തിരക്കായിരുന്നു. ഏറെ നേരത്തെ കാത്തിരുപ്പിന് ശേഷം അവർക്ക്  സിദ്ധനെ കാണാൻ അവസരം ലഭിച്ചു. സിദ്ധനെ കണ്ട അവർ കാര്യവിവരങ്ങൾ വിശദീകരിച്ചു: “ഞങ്ങളുടെ കുടുംബത്തിന്റെ നെടുംതൂണായ രാമുവിനെ എങ്ങനെയെങ്കിലും അങ്ങ് നന്നാക്കണം. ഞങ്ങൾക്ക് അവൻ മാത്രമാണ് ആശ്രയം.” സിദ്ധൻ അവരോട് പുറത്തിരിക്കുവാൻ ആവശ്യപ്പെട്ടു. എന്നിട്ട് രാമുവിനോട് ഒറ്റയ്ക്ക് സംസാരിച്ചു: “നിന്റെ പ്രശ്നങ്ങളെല്ലാം എനിക്ക് അറിയാം. നീ ചെയ്യാത്ത തെറ്റിന്റെ പേരിൽ നീ എന്തിനാണ് ഇങ്ങനെ സ്വയം നശിക്കുന്നത്. രാമു പറഞ്ഞു: “സ്വാമീ... എനിക്കിനി ജീവിക്കേണ്ട... എന്നെ എല്ലാവരും പരിഹസിക്കുന്നു. കള്ളനോടെന്നപോലെ ദൃഷ്ടി പതിപ്പിക്കുന്നു. എനിക്ക് സഹിക്കാൻ പറ്റുന്നതിലും അധികമാണിത്.” സിദ്ധൻ: “പരിഹസിക്കുന്നവരുടെ മുന്നിൽ നാം താന്നുകൊടുക്കുകയല്ല വേണ്ടത്. അവർക്കുമുന്നിൽ നീ നന്നായി ജീവിച്ചുകാട്ടുകയാണ് വേണ്ടത്. നീ ഇനിയും അവർക്ക് പരിഹസിക്കുവാനുള്ള

കാഴ്ചവസ്തുവായി ഇരിക്കാതെ ഉയരങ്ങളിലെത്തു. നിന്നെകൊണ്ട് അതിന് സാധിക്കും"

സിദ്ധന്റെ വാക്കുകളിൽ നിന്നും പ്രജോദനം ഉൾക്കൊണ്ട് രാമു നല്ലവനായി ജീവിക്കാൻ തീരുമാനിച്ചു.

നമ്മുടെ ജീവിതത്തിന്റെ ഗതി എപ്പോൾ വേണമെങ്കിലും മാറിപ്പോയേക്കാം. എന്നാൽ പ്രതിസന്ധിഘട്ടങ്ങളിൽ തളരാതെ പിടിച്ചു നിൽക്കുകയാണു വേണ്ടത്.നമ്മുടെ ജീവിതത്തിൽ ഉയർച്ചകളിലും താഴ്ചകളിലും നമുക്കൊപ്പം ധാരാളം പേർ കാണും. എന്നാൽ ഏത് പ്രതിസന്ധിയിലും നമ്മളോടൊപ്പം നിൽക്കുന്ന വഴികാട്ടികളെ നാം മനസ്സിലാക്കണം. ഇവിടെ രാമുവിന്റെ ജീവിതത്തിന് വഴികാട്ടിയായത് ഒരു സിദ്ധനാണ്. നമ്മുടെ ജീവിതത്തിൽ നമുക്ക് വഴികാട്ടിയായി മാറുന്നത് ആരുമാവാം. ജീവിതത്തിൽ സംഭവിച്ചുപോകുന്ന തെറ്റുകൾ തിരുത്തി നേർവഴിക്കു നയിക്കാൻ സഹായിക്കുന്നവരാണ് നമ്മുടെ "ജീവിതത്തിന്റെ വഴികാട്ടികൾ."

**-അമ്മു കെ എം**

ചെറുകഥ

# മങ്കി ലാന്റ്

എം.എസ്.എസ് മങ്കിലാൻഡ് എന്ന യുദ്ധക്കപ്പൽ എല്ലാ ആധുനിക സൗകര്യങ്ങളുമുള്ളതാണ്. കപ്പലിന്റെ മുകൾത്തട്ടിൽ വലിയ കുട പോലുള്ള ആന്റിനകളുണ്ട്. കൊടുങ്കാറ്റ് വരുന്നതും കടൽ ശോഭിക്കുന്നതുമൊക്കെ ഉപഗ്രഹം കണ്ടുപിടിച്ച് ആന്റിനയിലേക്ക് സന്ദേശമയയ്ക്കും. രക്ഷപ്പെടീൻ എങ്ങോട്ടു പോകണമെന്ന് വരെ ഉപഗ്രഹം പറയും.

യുദ്ധക്കപ്പലിന്റെ ക്യാപ്റ്റനായ ഗോറില്ലയാണ് ക്യാപ്റ്റൻ ഗോർ. ബുദ്ധിമാനും ധീരനുമാണ് ക്യാപ്റ്റൻ. പക്ഷേ, ഒരു കുഴപ്പമേയുള്ളൂ. കൂടെയുള്ള പട്ടാളക്കാരങ്ങന്മാരാണ്!

ഒരു ദിവസം ഒരു തിമിംഗലം പാഞ്ഞുവന്ന് എം എസ് എസ് മങ്കിലാൻഡിനിട്ട് ഒറ്റക്കുത്ത്!

"ബ്ലോം!"

കപ്പൽ ഒന്നാടിയുലഞ്ഞു. കൊടിമരം ചെന്ന് കപ്പിൽ ശേഖരിച്ച ശുദ്ധജലം മുഴുവൻ ചോർന്നുപോയി.അതോടെ ക്യാപ്റ്റൻ ഉത്തരവിട്ടു: "കിട്ടാവുന്ന പാത്രങ്ങളിലൊക്ക മഴ പെയ്യുമ്പോൾ ശുദ്ധജലം ശേഖരിക്കണം. ഇല്ലെങ്കിൽ വെള്ളം കിട്ടാതെ നമ്മൾ മരിക്കും."

മറ്റു മങ്കികൾ കപ്പലിന്റെ മുക്കും മൂലയും പരതി പാത്രങ്ങളെടുത്ത് വെള്ളം പിടിക്കാനായി കപ്പലിന്റെ മുകൾത്തട്ടിലേക്കോടി.

ക്യാപ്റ്റൻ ഉപഗ്രഹത്തിൻെ സഹായത്തോടെ അടുത്തെവിടെയെങ്കിലുമുള്ള കര കണ്ടുപിടിക്കാനുള്ള ശ്രമം തുടങ്ങി. പക്ഷേ, സ്ക്രീനിൽ ഒന്നും തെളിയുന്നില്ല! ആകെ നിരാശനായ ക്യാപ്റ്റൻ കപ്പലിന് മുകളിൽ കയറിച്ചെന്നു. അവിടുത്തെ കാഴ്ച കണ്ട് ക്യാപ്റ്റൻ ഞെട്ടി. ആന്റിനകളെല്ലാം അഴിച്ചു മലർത്തി വച്ചിരിക്കുന്നു!

"എന്താഡോ ഈ കാണിച്ചത്?"

ക്യാപ്റ്റൻ അലറി. മങ്കികൾ വിറച്ചു കൊണ്ട് പറഞ്ഞു:

"കിട്ടാവുന്ന പാത്രങ്ങളിലെല്ലാം ശേഖരിക്കണമെന്ന് പറഞ്ഞതുകൊണ്ട് എല്ലാ ആന്റിനകളും അഴിച്ചെടുത്ത് അതിലും വെള്ളം ശേഖരിച്ചു."

-അമ്മു എസ് രാജ്

കവിത

# അമ്മ



അമ്മക്ക് തന്നെ പല അർത്ഥങ്ങൾ
മകൾ സോദരി ഭാര്യ മാതാവെന്നും
നല്ലൊരു ഭാര്യയായ് നല്ലൊരു അമ്മയായ്
ശോഭിച്ചിടുന്ന അമ്മയുലകിൽ.

സഹനശക്തിതൻ അവതാരമായ് അമ്മ
സ്നേഹത്തിൻ മൂർത്തിരൂപമായ് അമ്മ
സ്വഭാവശുദ്ധിതൻ പ്രതീകമായ് അമ്മ
നല്ല ശിക്ഷണത്തിൽ വളർത്താനും അമ്മ

താരാട്ടുപാടിയുറക്കാനും അമ്മ
സ്നേഹം നല്കി വളർത്താനും അമ്മ
ഉമ്മകൾ തന്നു മയക്കാനും അമ്മ
അമ്മതൻ മടിത്തട്ടിൽ മയങ്ങീടുവാനായ്
ശാഠ്യം പിടിക്കുന്ന മക്കൾ തമ്മിൽ
അമ്മയെക്കൂടാതെയീയൂഴിയിൽ ജീവിക്കാൻ
തൻ മക്കൾക്കെന്നും അസാധ്യം തന്നെ
വേദേതിഹാസ ഇതിഹാസങ്ങളിൽ

- അമ്മു കെ എം

# രസബിന്ദുകൾ

ഒരു കുസൃതിക്കുടുക്ക ഉൾപ്പെട്ട ഒരു ക്ലാസ്സ് മുറി. സാർ:കുട്ടികളെ നിങ്ങളെല്ലാവരും ഈശ്വരന്റെ കുട്ടികളാണ്.
കുസൃതിക്കുടുക്ക: കുരങ്ങിൽ നിന്നാണ് മനുഷ്യനുണ്ടായതെന്നു പറയുന്നതോ?
സാർ:ഞാൻ നിന്റെ കുടുംബത്തെക്കുറിച്ചല്ല പറയുന്നത്.


ഒരു സാഹിത്യകാരൻ തന്റെ പുതിയ കഥ ഒരു മാസികയിൽ പ്രസിദ്ധീകരിക്കുന്നതിന് ഒരു എഡിറ്ററെ സമീപിച്ചു.
സാഹിത്യകാരൻ:എന്റെ പുതിയ കഥ പ്രസിദ്ധീകരിക്കണം.
എഡിറ്റർ: ഇതെന്താടോ നനഞ്ഞിരിക്കുന്നത് മഴയൊന്നും പെയ്തില്ലല്ലോ?
സാഹിത്യകാരൻ: ഇതൊരു കണ്ണീരിൽ കുതിർന്ന കഥയാണ് സാർ.

സാർ: പണ്ടത്തെ സാരിയൊക്കെ തീപ്പെട്ടിക്കകത്തു വയ്ക്കാമായിരുന്നു. കാരണം അറിയാമൊ?
കുട്ടി: പണ്ടത്തെ തീപ്പെട്ടിക്ക് ഭയങ്കര വലിപ്പമായിരുന്നിരിക്കും....!

നായ് ബിസ്കറ്റ് വാങ്ങാനായി ഒരു വെറ്റിനറി ഹോസ്പിറ്റലിലേക്കു ഒരു മാന്യൻ കടന്നു ചെന്നു.
മാന്യൻ: ഡോക്ടർ നായ് ബിസ്കറ്റ് ഉണ്ടോ?
ഡോക്ടർ: ഉണ്ടല്ലോ! ഇവിടെവച്ചു തിന്നാനാണോ അതോ പൊതിഞ്ഞു തരണോ..!

കോടതിയിൽ വിചാരണ ചെയ്യവേ ന്യായാധിപൻ പ്രതിയോട് ചോദിച്ചു.
ന്യായാധിപൻ: താൻ പക കൊണ്ടാണ് അയൽക്കാരനെ കുത്തികൊന്നതെന്ന് പറയുന്നത് ശരിയാണോ?
പ്രതി: പൂർണ്ണമായും തെറ്റാണ്. പകകൊണ്ടല്ല മലപ്പുറം കത്തികൊണ്ടാണ് ഞാൻ കുത്തിയത്.

-അമ്മു എസ് രാജ്


Ammu K M

കവിത

# മഴവില്ല്

മഴ മഴ മഴ മഴ മഴവില്ല്!
ഏഴു നിറങ്ങൾ കലർന്നൊരു മഴവില്ല്!
മഴയുടെ വരവിനു പിന്നാലെ
ഓടിയെത്തും മഴവില്ല്!

മഴയുടെ സഖിയവൻ മഴവില്ല്
മന്ദാരപ്പൂവിനുപോലും അസൂയ തോന്നും
നിറമതുമെല്ലാം കട്ടെടുത്തവൻ!
നിറമില്ലാതെ കോരില ചൊരിയും മഴയുടെ
കൺകെട്ടിക്കൊണ്ടെത്തും
വർണച്ചെപ്പിന്നവകാശി.
പ്രകൃതിതൻ നിറമാം നീലയും
വാനിൻ നിറമാം നീലയും
പിടിച്ചടക്കിയ കള്ളത്തോഴൻ മഴവില്ല്!

വാനിൽ വിരുന്നുകാരനായി
മഴയ്ക്ക് പ്രപയതമൻ വന്നീടുന്നു.
ദൈവം വാരിവിതറിയ നിറമതുമെല്ലാം
തപ്പിത്തേടി സ്വന്തമാക്കിയ
കുസൃതിക്കുട്ടൻ മഴവില്ല്!
മഴയുടെ സഖിയവൻ മഴവില്ലും
മഴവില്ലിൽ സഖിയവൾസ മഴയും
പ്രിയമിതമല്ലോ വാനിലെ
ഈ സൗഹൃദ നിമിഷങ്ങൾ

**-അമ്മു കെ എം**

## സർവ്വേശ്വർ ദയാൽ സക്സേന

നീ പൊടിമണ്ണാണ്-
ചവിട്ടിയരക്കപ്പെട്ട പൊടിമണ്ണ്
കലികൊണ്ട കാറ്റിനോടൊപ്പം ഉയരു
കൊടുങ്കാറ്റായി
നിന്നെ മെതാച്ചവരുടെ
കണ്ണിൽ ചെന്നു പതിയ്ക്കു
നിനക്ക് എത്താൻ പറ്റാത്ത ഒരിടവുമില്ല.
നിന്നെ ആർക്കും തടയാനുമാകില്ല.
നീ പൊടിമണ്ണാണ്, നൂറ്റാണ്ടുകളായി അടിഞ്ഞു
കിടക്കുന്ന ഈ വാതിൽപ്പാളികളേയും, ജന
ലുകളേയും ചുമരുകളേയും, ളുക്കു വിളക്കു
കളേയും രായ്ക്കു രാമാനം ചിതലായി വന്നു
നീ ഒടുക്കുക..!

പാവപ്പെട്ടവരും
അവന്റെ നന്മയ്ക്കും ഇടയിൽ
ഒരു തിരശ്ശീല
ദൈവവും, ക്ഷേത്രങ്ങളും
മതവും, മതാധിപതികളും
നിയമങ്ങളും, നിയമ പാലകരും.
നീതിപീഠവും ഒരുമിച്ചുണ്ടാക്കിയ
ഒരു കൂട്ടമുന്നണിയാണ് ആ തിരശ്ശീല
വിപ്ലവ തീകൊണ്ട് ആ തിരശ്ശീല ചുട്ടെരിക്കുക.
പാവപ്പെട്ടവരെ,
പിന്നെ നിങ്ങളുടേതാക്കും ഈ ലോകം.
ഇവിടെ പാടാത്ത താരാട്ടുകളെ
താരാട്ടുകളാകുന്നുള്ളൂ. പറയാത്ത ദുഃഖങ്ങളെ
ദുഃഖങ്ങളാകുന്നുള്ളൂ.
സുഖദുഃഖ സ്മൃതികളിൽനിന്നും
ഉടലെടുത്ത ഈ സ്മരണിക
ഇവിടെ പൂർണ്ണമാകുന്നു

# റിപ്പോർട്ട്

**കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (KITE) ആഭിമുഖ്യത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ കുട്ടികൾക്കായി ആരംഭിച്ച നൂതന കമ്പ്യൂട്ടർ പരിശീലന പരിപാടിയാണ് ലിറ്റിൽ കൈറ്റ്സ്.**



**മുരിക്കുംവയൽ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലേക്ക് പരിശീലന പരിപാടികൾ 2018 ജൂൺ മാസം 27–ാം തീയതി ആരംഭിച്ചു.**



ജൂലൈ മൂന്നാം തീയതി കുട്ടികൾക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. 2018 ഓഗസ്റ്റ് പതിനൊന്നാം തീയതി ഏകദിനപരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. സബ്ജില്ലാ പരിശീലന ക്യാമ്പിലേക്ക് 6 കുട്ടികളെ തിരഞ്ഞെടുക്കുകയുണ്ടായി.



# ശുഭം